**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6759** **11-07-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ പട്ടയ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ദെലീമ** | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** |

(എ) അരൂർ മണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(എ) അരൂർ മണ്ഡലത്തിന്റെ കീഴിൽ പട്ടയത്തിനായി അപേക്ഷ നൽകിയവരുടെ എണ്ണം 17 ആകുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനം. | പഞ്ചായത്ത് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | തുറവൂർ | 14 |
| 2 | തൈക്കാട്ട് ശ്ശേരി | 1 |
| 3 | പെരുമ്പളം | 1 |
| 4 | അരുക്കുറ്റി | 1 |
| ആകെ | | 17 |

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകൾ എം.എൽ.എ. ഡാഷ് ബോർഡിൽ വന്നിട്ടുണ്ടെന്നും ശേഷിക്കുന്നവ ഡാഷ് ബോർഡിൽ വരാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

(ബി) നിലവിൽ അരൂർ മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ 17 എണ്ണം മാത്രമാണ്. MLA ഡാഷ്ബോർഡിൽ അപേക്ഷകളുടെ എണ്ണം രേഖപ്പെടുത്താതെ 'അരൂർ മണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുക' എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്ക് മാത്രമായി സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള പട്ടയ ഡാഷ്ബോഡിൽ അരൂർ മണ്ഡലത്തിലെ 42 പട്ടയ പ്രശ്നങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇവ പൂർണ്ണമായും കായൽ, തോട്, കടൽ പുറമ്പോക്കുകളിൽ ഉൾപ്പെട്ടവയാണ്. നിലവിൽ പട്ടയത്തിനായി ലഭിച്ച 17 അപേക്ഷകൾ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. പട്ടയം നല്കുന്നത് സംബന്ധിച്ച സങ്കീർണമായ കേസുകളും, സർക്കാർ തലത്തിൽ തീരുമാനം ആവശ്യമായ കേസുകളുമാണ് പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തുന്നത്. പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ടിട്ടുള്ള 42 അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനം. | പഞ്ചായത്ത് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | പെരുമ്പളം | 6 |

| | | |
|---|---|---|
| 2 | അരൂക്കുറ്റി | 7 |
| 3 | അരൂർ | 18 |
| 4 | എഴുപുന്ന | 1 |
| 5 | കുത്തിയതോട് | 1 |
| 6 | പട്ടണക്കാട് | 1 |
| 7 | പാണാവള്ളി | 3 |
| 8 | പള്ളിപ്പുറം | 5 |
| ആകെ | | 42 |

സെക്ഷൻ ഓഫീസർ